ശ്രീകണ്ഠപുരം ഗവ. ഹയർസെക്കണ്ടറി വിദ്യാർത്ഥികൾ ജൈവ വൈവിധ്യ പാർക്കിലെ ചിത്രശലഭങ്ങളെ പറ്റി തയ്യാറാക്കിയ കൈപുസ്തകം മന്ത്രി കെ.രാജു പ്രകാശനം ചെയ്യുന്നു

കോട്ടൂരിലെ ജൈവവൈവിധ്യപാർക്ക് സംസ്ഥാനത്തിന് മാതൃക: മന്ത്രി കെ. രാജു

ശ്രീകണ്ഠപുരം: വിദ്യാർത്ഥികളുടെ മുൻകയ്യിൽ കോട്ടൂരിൽ ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് സംസ്ഥാനത്തിന് മാതൃകയാണെന്ന് മന്ത്രി കെ. രാജു അഭിപ്രായപ്പെട്ടു. പാർക്കിലേക്ക് സന്ദർശകരെ ആകർഷിക്കാനുതകുന്ന പദ്ധതികൾക്ക് രൂപം നൽകാൻ ജൈവവൈവിധ്യബോർഡിന് നിർദേശം നൽകുമെന്നും മന്ത്രി പറഞ്ഞു. ജൈവവൈവിധ്യപാർക്കിലെ ചിത്രശലഭങ്ങളെ കുറിച്ച് വിദ്യാർത്ഥികൾ തയ്യാറാക്കിയ പുസ്തകത്തിന്റെ പ്രകാശന കർമ്മം കമ്മ്യൂണിറ്റി ഹാളിൽ നിർവഹിക്കുകയായിരുന്നു അദേഹം. കെ.സി. ജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ചു. സംസ്ഥാന വനമിത്ര പുരസ്കാരം നേടിയ ടി.എം. രാജേന്ദ്രൻ മാസ്റ്റർക്കുള്ള ഉപഹാരം ചടങ്ങിൽ നഗരസഭാ ചെയർമാൻ പി.പി. രാഘവൻ സമ്മാനിച്ചു. വി. കെ. സുരേഷ്ബാബു, നിഷിത റഹ്മാൻ, എ.പി. മുനീർ, അഡ്വ. എം.സി. രാഘവൻ, എം.പി. ഇംതിയാസ്, രാജൻ അമ്പിലോത്ത്, എം.സി. രാമചന്ദ്രൻ, ട്രീസ വിൽസൺ, ഇ.വി. വിനോദ് തുടങ്ങിയവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ ലൂസി ഈപ്പൻ സ്വാഗതം പറഞ്ഞു.

വീട്ടുമുറ്റത്ത് സ്ഥാപിച്ച ഓഖി ദുരന്ത സ്മാരക ശിൽപ്പം ശ്രദ്ധേയമാകുന്നു

ആലക്കോട്: മത്സ്യ തൊഴിലാളികൾ ഉൾപ്പെടെ ഒട്ടേറെ പേരുടെ ജീവനെടുത്ത് കേരളത്തെ നടുക്കിയ ഓഖി ദുരന്തത്തിന്റെ സ്മാരകമായി റിട്ട. പോലീസ് ഉദ്യോഗസ്ഥൻ തന്റെ വീട്ടുമുറ്റത്ത് സ്ഥാപിച്ച ശിൽപ്പം ശ്രദ്ധേയമാകുന്നു. റിട്ട. എസ്.ഐ ഫിലിപ്പാണ് ചെമ്പന്തൊട്ടിക്ക് സമീപത്തെ തന്റെ വീട്ടുമുറ്റത്ത് ഓഖി സ്മാരക ശിൽപ്പം സ്ഥാപിച്ചത്. ആറടിയോളം ഉയരത്തിലുള്ള കോൺക്രീറ്റ് ശിൽപ്പം നിർമ്മിച്ചതും ഫിലിപ്പ് തന്നെയാണ്. "ഓഖിയിൽ മറഞ്ഞവർക്കായ്, മടങ്ങി വരാത്തവർക്കായി" എന്ന അടിക്കുറിപ്പോടു കൂടിയുള്ള ശിൽപ്പം കാഴ്ചക്കാരിൽ ഏറെ കൗതുകം ജനിപ്പിക്കുന്നതാണ്. നാല് ഡോൾഫിനുകളും കടലിലെ തിരമാലകളും ചേർന്ന് ഒരു ശംഖിനെ മുകളിലേക്ക് ഉയർത്തുന്ന നിലയിലുള്ള ശിൽപ്പം ഏറെ അർത്ഥ തലങ്ങളും ഉയർത്തുന്നതാണ്. ഓഖി ദുരന്തത്തിൽ മനുഷ്യർ മാത്രമല്ല മരിച്ചത്. കടലിലെ അസംഖ്യം ജീവജാലങ്ങളും നാമാവശേഷമായിരുന്നു. ദുരന്തത്തിൽ അകപ്പെട്ട മനുഷ്യരെ രക്ഷിക്കുന്നതിന് ഹെലികോപ്ടറുകൾ ഉൾപ്പെടെയുള്ള ആധുനിക സംവിധാനങ്ങൾ രംഗത്തു വന്നപ്പോൾ കടലിലെ ജീവികൾക്ക് തിരമാലകളും ഡോൾഫിനുകളും രക്ഷകരാകുന്നുവെന്നതാണ് തന്റെ ശിൽപ്പത്തിന്റെ ഇതിവൃത്തമെന്ന് ഫിലിപ്പ് പറയുന്നു. കുറ്റാന്വേഷണ രംഗത്ത് ഏറെ ശ്രദ്ധേയനായ ഫിലിപ്പ് ഏഴ് മാസം മുമ്പ് കണ്ണപുരം സ്റ്റേഷനിൽ

റിട്ട. എസ്.ഐ ഫിലിപ്പിന്റെ വീട്ടുമുറ്റത്ത് സ്ഥാപിച്ച ഓഖി സ്മാരക ശിൽപ്പം

നിന്നാണ് വിരമിച്ചത്. മുഴക്കുന്ന് ഉൾപ്പെടെ ഒട്ടേറെ പോലീസ് സ്റ്റേഷനുകളിൽ സേവനം അനുഷ്ഠിച്ചു. ദീർഘകാലം സ്പെഷ്യൽ ബ്രാഞ്ച് വിഭാഗത്തിലും ജോലി ചെയ്തു. റിട്ടയർമെന്റിന് ശേഷമാണ് വീട്ടുമുറ്റത്ത് ഓഖി സ്മാരക ശിൽപ്പ നിർമ്മാണം ആരംഭിച്ചത്. ശിൽപ്പ നിർമ്മാണത്തിൽ നേരത്തെ ഏറെ ശ്രദ്ധേയനാണ് ഇദേഹം.

ഫിറോസ്മാസ്റ്റർക്കും സീതി എൻ.എസ്.എസിനും അർഹതക്കുള്ള അംഗീകാരം

തളിപ്പറമ്പ: തളിപ്പറമ്പ് ക്ലസ്റ്ററിലെ മികച്ച എൻ എസ് എസ് യൂനിറ്റിനുള്ള ബഹുമതി സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ കരസ്ഥമാക്കി. എൻ എസ് എസ് ജില്ലാ ശില്പശാലയോടനുബന്ധിച് നടന്ന ചടങ്ങിൽ, സിസ്റ്റർ വിനയ റോസിൽ നിന്ന് പ്രോഗ്രാം ഓഫീസർ ഫിറോസ് ടി അബ്ദുള്ള ഉപഹാരം ഏറ്റുവാങ്ങി. മേഖലയിൽ ഒന്നാമതാവാൻ ഫിറോസ് മാസ്റ്റർ വിഭാവനം ചെയ്ത് നടപ്പിലാക്കിയ മാതൃകാപരമായ പദ്ധതികൾ സഹായകരമാകുകയായിരുന്നു.

കാരുണ്യ ഫ്രൈഡേ കലക്ഷൻ, സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികളുടെ ഭക്ഷണം, മരുന്ന്, ഫീസ്,

ഫിറോസ് ടി അബ്ദുള്ള

യൂണിഫോം തുടങ്ങിയ ആവശ്യങ്ങൾ നിറവേറ്റാൻ ഈ തുക ഉപയോഗിക്കുന്നു. ഒരു സഹപാഠിക്ക് വീട് വെച്ച് കൊടുക്കുകയും മറ്റൊരു സഹപാഠിക്ക് ശൗചാലയം നിർമ്മിച്ചു നൽകുകയും ചെയ്ത രജത ഭവനം പദ്ധതിക്ക് ധനസമാഹാരം നടത്തിയത് എൻ.എസ്.എസ് വളണ്ടിയർമാരുടെ നേതൃത്വത്തിലായിരുന്നു. രക്തദാനക്യാമ്പിൽ 200 ഓളം പേർ രക്തദാനം ചെയ്തു. 700 ഓളം പേർ അടങ്ങുന്ന രക്തദാന മെഗാ ഡയറക്ടറി ജില്ലയിൽ മൂന്നാം സ്ഥാനം കൈവരിച്ചിരുന്നു. ഇങ്ങനെയുള്ള ഒട്ടനവധി സേവന പ്രവർത്തനങ്ങളുടെ അംഗീകാരമാണ് ഫിറോസ് മാസ്റ്ററെ തേടിയെത്തിയത്. മൂന്ന് വർഷത്തെ മികച്ച സേവനത്തിന് ശേഷമാണ് ഫിറോസ് പ്രോഗ്രാം ഓഫീസർ സ്ഥാനത്ത് നിന്ന് പടിയിറങ്ങിയത്.

സർഗോത്സവം നടത്തി

ശ്രീകണ്ഠപുരം: പാമ്പൻ മാധവൻ സ്മാരക വായനശാലയിൽ സഹൃദയ ബാലവേദിയുടെ നേതൃത്വത്തിൽ സർഗ്ഗോത്സവം നടത്തി. വി. പ്രകാശൻ ഉദ്ഘാടനം ചെയ്തു. പി.പി. സുഫൈദ് അധ്യക്ഷത വഹിച്ചു. പി.പി. അനുലക്ഷ്മി, സി.കെ. മിസ്ബാഹ്, സി.അബിത, പി.പി. ജസീൽ സംസാരിച്ചു.

ബി.എഡ് മാത്തമാറ്റിക്സ് സീറ്റൊഴിവ്

തളിപ്പറമ്പ: കേയിസാഹിബ് ട്രെയിനിങ്ങ് കോളേജിൽ 2018-20 അധ്യയന വർഷത്തെ ബി.എഡ്. പ്രവേശനത്തിന് പട്ടികജാതി/പട്ടികവർഗ വിഭാഗത്തിന് മാത്തമാറ്റിക്സ് വിഭാഗത്തിൽ രണ്ട് സീറ്റുകളുടെ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പത്തിന് രാവിലെ പത്ത് മണിക്ക് കോളേജ് ഓഫീസിൽ ഹാജരാകണം.

ബഷീർ ദിനാചരണം നടത്തി

ചെറിയൂർ: ചെറിയൂർ ഗവ. ഹൈസ്കൂളിൽ ബഷീർ ദിനാചരണം ഹെഡ്മാസ്റ്റർ പി.കെ. രവി ഉദ്ഘാടനം ചെയ്തു. ടി. ജ്യോതി അനുസ്മരണ പ്രഭാഷണം നടത്തി. സി.വി. പ്രേമരാജൻ അധ്യക്ഷത വഹിച്ചു. എം.വി. ഷാജി, പി.പി. തൃഷ, മുഹമ്മദ് സുഹൈൽ, വി. ഷിനിൽകുമാർ സംസാരിച്ചു. ബഷീർ പുസ്തക പരിചയം, കഥാപാത്ര നിരൂപണം, നാടകീകരണം, പുസ്തക പ്രദർശനം, ക്വിസ് മൽസരം തുടങ്ങിയവ സംഘടിപ്പിച്ചു. പ്രവർത്തനങ്ങൾക്ക് ഷാന്റി ജോസഫ്, എം. ശോഭ, വി. നൗഷാദ് നേതൃത്വം നൽകി.

തളിപ്പറമ്പ: തളിപ്പറമ്പ് യു.പി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ ബഷീർദിനം ആചരിച്ചു. ബാല്യകാല സഖി, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, പ്രേമലേഖനം, മതിലുകൾ, വിശ്വവിഖ്യാതമായ മൂക്ക് എന്നീ കൃതികളിലെ കഥാപാത്രങ്ങൾ വേദിയിൽ വിസ്മയം തീർത്തു. വിദ്യാർത്ഥികളായ അഭയ്, അനിരുദ്ധ് നമ്പ്യാർ, നിഥിൻ, ദിഖിൽ, ആരോമൽ, വിഷ്ണു, സാന്ദ്രന, ദേവിക, മാളവിക, നിത റഹ്മാൻ, അനുഗ്രഹ, ആവണി, ഹിബ, ഹാദിയ, ഷിഫ എന്നിവരും കഥാപാത്രങ്ങൾക്ക് ജീവൻ നൽകി.

ആലക്കോട്: ബഷീർ ദിനാചരണത്തോടനുബന്ധിച്ച് ബഷീറിന്റെ പാത്തുമ്മയുടെ ആട് എന്ന നോവലിലെ കഥാപാത്രങ്ങളുടെയും ദൃശ്യാവിഷ്ക്കാരം ഒരുക്കി വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂൾ. മലയാളം ക്ലബിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി സ്കൂളിൽ നടന്ന പാത്തുമ്മയുടെ ആട് എന്ന നോവലിന്റെ ദൃശ്യാവിഷ്ക്കാരം.

ബഷീറും പാത്തുമ്മയും ആടും കൂട്ടുകാരികളുമൊക്കെ വേദിയിലെത്തിയത് കുട്ടികൾക്ക് പുതിയ അനുഭവമായി. പാത്തുമ്മയുടെ ആട് എന്ന നോവലിലെ നർമ്മബോധമുള്ള ഒരു ഭാഗവും വേദിയിൽ അവതരിപ്പിച്ചു. ബഷീർ കൃതികൾ, പരിചയപ്പെടൽ, ക്വിസ് മൽസരം, ചാർട്ട് തയ്യാറാക്കൽ മൽസരം, ബഷീർ ചിത്രങ്ങളുടെ പ്രദർശനം എന്നിവയും നടന്നു. ബഷീർ ദിനാഘോഷം സ്കൂൾ മാനേജർ ഫാ. കുര്യാക്കോസ് കളരിക്കൽ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപകൻ ജേക്കബ് അഗസ്റ്റിൻ അട്ടാറിമാക്കൽ അധ്യക്ഷത വഹിച്ചു. അധ്യാപകരായ ജിഷ ജോസ്, രാഖി സെബാസ്റ്റ്യൻ, ജോൾസ ജോസ്, ബിജു ടി. തോമസ്, എൽസമ്മ ജോർജ് എന്നിവർ നേതൃത്വം നൽകി.

പരിയാരം: ഇരിങ്ങൽ യു.പി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയുടെ നേതൃത്വത്തിൽ ബഷീർ അനുസ്മരണ പരിപാടിയുടെ ഭാഗമായി ബഷീർ കഥാപാത്രങ്ങൾ എല്ലാ ക്ലാസുകളിലും എത്തിയപ്പോൾ കുട്ടികൾക്കത് പുതിയ അനുഭവമായി. പ്രധാനാധ്യാപിക കെ.പി. ജയശ്രീ പതിപ്പുകളുടെ പ്രകാശനം നിർവഹിച്ചു. ബഷീർ കൃതികളുടെ ശേഖരണം, പ്രദർശനം, കഥകൾ പരിചയപ്പെടുത്തൽ, ചർച്ച, പുസ്തക പരിചയം, ക്വിസ് എന്നിവ നടത്തി. പി.എം. ഗീത, കെ.പി. പ്രിയ, എ.പി. രഞ്ജിനി, എം. കവിത, കെ.പി. ബിന്ദു, കെ.എം. സുജിത്ത്, എം.വി. അമയ, അനുഗ്രഹ, അദ്വൈത്, ഗോപിക, സന മിഥുല, ആൽവിന, ദേവിക, അനൗഷ്ക്ക, അശ്വതി ദേവ്നന്ദ സംസാരിച്ചു.

തളിപ്പറമ്പ ദേശീയപാതയിൽ കുറ്റിക്കോലിൽ സി.ജെ.ബിൽഡ്വെയേർസിന്റെ നാലാമത് ഷോറൂം നഗരസഭ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്യുന്നു

കുറ്റിക്കോലിൽ സി.ജെ. ബിൽഡ്വെയേർസ് പ്രവർത്തനമാരംഭിച്ചു

തളിപ്പറമ്പ: ടൈൽസ്, സാനിറ്ററി, പ്ലംബിംഗ് ഉൽപ്പന്നങ്ങളുടെ വിപണന രംഗത്തെ പ്രമുഖരായ സി.ജെ. ബിൽഡ്വെയേർസിന്റെ നാലാമത് ഷോറൂം തളിപ്പറമ്പ ദേശീയപാതയിൽ കുറ്റിക്കോലിൽ തുറന്നു. നഗരസഭാ ചെയർമാൻ മഹമൂദ് അള്ളാംകുളം ഉദ്ഘാടനം ചെയ്തു. ചെറുപുഴ, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിലും സി.ജെ. ബിൽഡ്വെയേർസിന് ഷോറൂമുകളുണ്ട്. ആധുനിക കാലത്തെ അഭിരുചിക്കനുസരിച്ച് രൂപപ്പെടുത്തിയ വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ ശേഖരമാണ് തളിപ്പറമ്പിൽ ഉപഭോക്താക്കളെ കാത്തിരിക്കുന്നത്. ഉദ്ഘാടനത്തോടനുബന്ധിച്ച് 60 ശതമാനം വരെ ഡിസ്ക്കൗണ്ടും ഏർപ്പെടുത്തിയിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ സി.ജെ. ഗ്രൂപ്പ് ചെയർമാൻ റോബിൻ സെബാസ്റ്റ്യൻ, മാനേജിംഗ് പാർട്ണർ ഷൈജു വെട്ടിക്കുളങ്ങര, പാർട്ണർ ബിനോയി മാട്ടേൽ, മുൻ വൈസ് ചെയർമാൻ ടി. ബാലകൃഷ്ണൻ സംബന്ധിച്ചു. ചപ്പാരപ്പടവ് പഞ്ചായത്ത് പ്രസിഡണ്ട് എം.മൈമൂനത്ത്, വ്യാപാരി ഏകോപന സമിതി പ്രസിഡണ്ട് കെ. എസ്.റിയാസ്, അഷ്റഫ് എന്നിവർ നറുക്കെടുത്തി നടത്തി.ഫോൺ: 0460 2202150, 9207777150.

സർക്കാർ സോളാർ വേലി നോക്കുകുത്തിയായി

മലയോര മേഖലയിലെ വന്യമൃഗശല്യം കർഷകർക്ക് വൻ ഭീഷണിയാകുന്നു

ആലക്കോട്: കേരള-കർണ്ണാടക അതിർത്തി മേഖലകളിലെ ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗശല്യം കർഷകർക്കും ആദിവാസികൾക്കും വൻ ഭീഷണിയാകുന്നു. കാട്ടാന, കാട്ടുപന്നി തുടങ്ങിയവരാണ് കാർഷിക മേഖലക്ക് ഭീഷണിയായി മാറിയിരിക്കുന്നത്. വന്യമൃഗശല്യം തടയുന്നതിന് സ്വന്തം കൃഷിയിടങ്ങളിൽ വൈദ്യുതി കമ്പിവേലി സ്ഥാപിക്കേണ്ടി വരുന്ന ദുരസ്ഥയാണ് മലയോരത്തെ കർഷകർ നേരിടുന്നത്. വന്യമൃഗങ്ങളെ പ്രതിരോധിക്കാൻ ഒരുപരിധി വരെ ഇതുകൊണ്ട് കഴിയുമെങ്കിലും ഏറെ അപകടാവസ്ഥയും ഇത് സൃഷ്ടിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം കാപ്പിമല വെള്ളരിക്കുണ്ടിൽ സ്വകാര്യ വ്യക്തിയുടെ കൃഷിയിടത്തിലെ ജോലിക്കിടെ ആദിവാസി തൊഴിലാളി സ്ത്രീ ഷോക്കേറ്റ് മരിച്ചത് വന്യമൃഗശല്യം തടയാൻ സ്ഥാപിച്ച വൈദ്യുതി കമ്പിവേലിയിൽ നിന്നാണ്. അതേസമയം തടയാൻ അതിർത്തി മേഖലയിൽ വനം വകുപ്പ് ആഭിമുഖ്യത്തിൽ സ്ഥാപിച്ച സോളാർ കമ്പിവേലികൾ മിക്ക ഭാഗത്തും കാട് കയറി മൂടി പ്രവർത്തന രഹിതമായ അവസ്ഥയിലാണ്. ഇത് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള ഒരു നടപടികളും അധികൃതർ സ്വീകരിക്കുന്നുമില്ല. അധികൃതരുടെ ഇത്തരം അനാസ്ഥ വന്യമൃഗശല്യം വർധിപ്പിക്കുകയാണെന്നും കഷ്ടപ്പെട്ട് കൃഷി ചെയ്യുന്ന മുഴുവൻ കാർഷിക വിളകളും വന്യമൃഗങ്ങൾ നശിപ്പിക്കുകയാണെന്നും കർഷകർ പറയുന്നു. വന്യമൃഗശല്യം തടയുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്നാണ് കർഷകരുടെ ആവശ്യം.

പയ്യാവൂരിലെ റോഡ് വിവാദം: വൻ അഴിമതിയെന്ന് ബി.ജെ.പി.

ശ്രീകണ്ഠപുരം: പയ്യാവൂർ പഞ്ചായത്ത് ബസ് സ്റ്റാൻഡ് പരിസരത്ത് പുതുതായി നിർമിക്കുന്ന റോഡിനു പിന്നിൽ വൻ അഴിമതിയാണെന്ന് ബി.ജെ.പി. പയ്യാവൂർ പഞ്ചായത്ത് കമ്മിറ്റി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പഞ്ചായത്ത് ഭരണസമിതിയുടെ തലപ്പത്തിരിക്കുന്ന രണ്ട് കോൺഗ്രസ് അംഗങ്ങളും ഒരു സി.പി.എം. ഭരണസമിതി അംഗവുമാണ് ഇതിനുപിന്നിൽ. സ്വകാര്യ വ്യക്തിയുടെ താത്പര്യം സംരക്ഷിക്കാനാണ് ഇവർ ഒരുമിച്ചു നിൽക്കുന്നത്. നേരത്തെ സി.പി. ജോസ് പഞ്ചായത്ത് പ്രസിഡന്റായ കാലത്തും ഈ റോഡ് വേണമെന്ന ആവശ്യം ഉണ്ടായിരുന്നു. എന്നാൽ വിവാദം ഉണ്ടാക്കേണ്ടെന്ന് കരുതി അദ്ദേഹം അതിന് തയ്യാറായില്ല. കഴിഞ്ഞ ഏപ്രിൽ 18ന് ഈ പ്രശ്നം ഭരണസമിതിയുടെ മുന്നിൽ വന്നപ്പോൾ സി.പി. എമ്മിലെ ഒരംഗം മാത്രമാണ് വിയോജിപ്പ് രേഖപ്പെടുത്തിയത്. ഇതുമായി ബന്ധപ്പെട്ട് വിജിലൻസിന് പരാതി നൽകിയിട്ടുണ്ടെന്നും നിരവധി കോൺഗ്രസ്, സി.പി.എം. പ്രവർത്തകർ ഈ വിഷയത്തിൽ നിന്ന് പിന്മാറാതിരിക്കാൻ തങ്ങളിൽ സമ്മർദം ചെലുത്തുന്നുണ്ടെന്നും ബി. ജെ.പി. നേതാക്കൾ പറഞ്ഞു.

വാർത്താസമ്മേളനത്തിൽ ബി.ജെ.പി. ജില്ലാ കമ്മിറ്റി അംഗം വി.എൻ. രവി, നിയോജക മണ്ഡലം ജനറൽ സെക്രട്ടറി ടി.വി.രമേശൻ, പി.കെ.സുധാകരൻ, പി.കെ.കരുണാകരൻ പങ്കെടുത്തു.

കുറുമാത്തൂരിൽ കർക്കിടക ചികിത്സ

തളിപ്പറമ്പ: കുറുമാത്തൂർ ആര്യവൈദ്യശാല ആന്റ് നഴ്സിങ്ങ് ഹോമിൽ കർക്കിടക ചികിത്സ ബുക്കിംഗ് തുടങ്ങി. വിപുലവും സുസജ്ജവുമായ ഒ.പി വിഭാഗവും കിടത്തി ചികിത്സയും അഡ്മിറ്റ് ആകാതെ ദിവസവും വീട്ടിൽ നിന്ന് വന്നുപോയി കർക്കിടക ചികിത്സ ചെയ്യാനുള്ള സൗകര്യവും ലഭ്യമാണ്. ഹിജാമ ക്യാമ്പും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: കുറുമാത്തൂർ ആര്യവൈദ്യശാല ആന്റ് നഴ്സിങ്ങ് ഹോം, സർസയ്യിദ് കോളേജിന് സമീപം, കരിമ്പം പി.ഒ, തളിപ്പറമ്പ്. ഫോൺ: 9947780515, 9846088668

പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകൾക്ക്; 16 വരെ അപേക്ഷിക്കാം

കണ്ണൂർ: പരിയാരം മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി പുതുക്കി നിശ്ചയിച്ചു. 16ന് വൈകീട്ട് 4 മണിവരെയാണ് അപേക്ഷിക്കാൻ കഴിയുക. കാർഡിയോ വാസ്കുലാർ ടെക്നോളജി, ഡയാലിസിസ് ടെക്നോളജി, മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ഓപ്പറേഷൻ തീയ്യേറ്റർ ആന്റ് അനസ്തേഷ്യ ടെക്നോളജി, റേഡിയോളജിക്കൽ ടെക്നോളജി, ജനറൽ നേഴ്സിംഗ് ആന്റ് മിഡ്വൈഫറി കോഴ്സുകളിലാണ് അപേക്ഷിക്കാൻ കഴിയുക. ജനറൽ നേഴ്സിംഗ് ഒഴികെയുള്ള കോഴ്സുകളിൽ സയൻസ് വിഷയങ്ങളിൽ 50 ശതമാനം മാർക്കോടെ പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. പ്രോസ്പെക്ടസും അപേക്ഷാഫോറവും സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷാഫീസ് 300 രൂപയാണ്. പ്രിൻസിപ്പാൾ, പരിയാരം മെഡിക്കൽ കോളേജ്, പരിയാരം, കണ്ണൂർ-670503' എന്നവിലാസത്തിൽ പരിയാരത്തോ കണ്ണൂരിലോ മാറാവുന്ന വിധത്തിലാണ് ഡി.ഡി എടുക്കേണ്ടത്.

ജനറൽ നേഴ്സിംഗ് കോഴ്സിൽ 40 ശതമാനം മാർക്കോടെ പ്ലസ്ടു അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായവർക്കാണ് അപേക്ഷിക്കാൻ കഴിയുക. അപേക്ഷാ ഫീസ് 200 രൂപയാണ്. തപാലിൽ ലഭിക്കേണ്ടവർ 250 രൂപ അടക്കണം. നിശ്ചിത തുകയ്ക്കുള്ള മണിയോ ഡറോ ഡിമാന്റ് ഡ്രാഫ്റ്റോ പ്രിൻസിപ്പാൾ, സ്ക്കൂൾ ഓഫ് നേഴ്സിംഗ്-പരിയാരം, പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ-670503 എന്നവിലാസത്തിൽ അയക്കണം. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തപാലിൽ ലഭ്യമാകും. തപാലിൽ അയച്ചു കിട്ടേണ്ടവർ www.mcpariyaram.com എന്ന വെബ് സൈറ്റിൽ വിശദാംശങ്ങൾ ലഭ്യമാണ്.

തളിപ്പറമ്പ യു.പി സ്കൂളിൽ വിദ്യാരംഗം സംഘടിപ്പിച്ച ബഷീർ അനുസ്മരണം.

സംഗീതസഭയുടെയും ക്ലബുകളുടെയും ഉദ്ഘാടനം ഒമ്പതിന്

തളിപ്പറമ്പ: 125-ാം വർഷം പിന്നിടുന്ന മൂത്തേടത്ത് ഹയർസെക്കണ്ടറി സ്കൂളിലെ പുതിയ സംരംഭമായ സംഗീതസഭയുടെയും വിവിധ സ്കൂൾ ക്ലബുകളുടെയും ഉദ്ഘാടനം ഒമ്പതിന് നടക്കും. ഉച്ച കഴിഞ്ഞ് രണ്ട് മണിക്ക് സിനിമാ പിന്നണി ഗായകൻ കാഞ്ഞങ്ങാട് രാമചന്ദ്രൻ സ്കൂൾ അങ്കണത്തിൽ വച്ച് ഉദ്ഘാടനം നിർവഹിക്കും.

ഉദയഗിരി പഞ്ചായത്ത് മാസ്റ്റർ സർക്കുലർ പരിശീലനം പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്യുന്നു.

മാസ്റ്റർ സർക്കുലർ പരിശീലനം

കാർത്തികപുരം: ഉദയഗിരി പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് അംഗങ്ങൾ, മേറ്റർമാർ, ഉദ്യോഗസ്ഥർ, എ.ഡി.എസ്, സി.ഡി.എസ് അംഗങ്ങൾ എന്നിവർക്കുള്ള മാസ്റ്റർ സർക്കുലർ പരിശീലനം പഞ്ചായത്ത് പ്രസിഡണ്ട് മിനി മാത്യു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് സിജോ തുണ്ടിയിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എ.വി. പ്രകാശൻ, സരിത മാത്യു, ബിന സുരേഷ്, പി.എ. ജോസഫ്, എ.ആർ. പ്രദീപ്, മുഹമ്മദ് ബഷീർ പ്രസംഗിച്ചു. തളിപ്പറമ്പ് ബ്ലോക്ക് ജനറൽ എക്സ്റ്റൻഷൻ ഓഫീസർ കെ. സുനിൽകുമാർ ക്ലാസ് നയിച്ചു.

വിജയികളെ അനുമോദിക്കും

മയ്യിൽ: മയ്യിൽ പബ്ലിക് സർവ്വന്റ്സ് വെൽഫെയർ സഹകരണ സംഘം മെമ്പർമാരുടെ മക്കളിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസും, എൽ.എസ്.എസ്, യു.എസ്.എസ് സ്കോളർഷിപ്പ് നേടിയവരെയും അനുമോദിക്കുന്നു. അർഹതയുള്ളവർ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും ഒരു ഫോട്ടോയും 15ന് മുമ്പായി സംഘം ഓഫീസിൽ എത്തിക്കണം. ഫോൺ: 0460 227525, 9544140421.

അനുമോദിച്ചു

കുറ്റ്യാട്ടൂർ: പാവന്നൂർമൊട്ട സോപാനം കലാകായിക വേദി മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. വസന്തകുമാരി ഉദ്ഘാടനം ചെയ്തു. എം. ശ്രീഷ് അധ്യക്ഷത വഹിച്ചു. കെ.കെ. ഉഷ, കെ.കെ. കുഞ്ഞിക്കണ്ണൻ മാസ്റ്റർ പ്രസംഗിച്ചു. ഇ. സുഭാഷ് സ്വാഗതവും സി.പി. ഷിബിൻ നന്ദിയും പറഞ്ഞു.

ശ്രീകണ്ഠപുരം: മലപ്പട്ടം കൊളന്ത നവകേരള സ്വയം സഹായ സംഘത്തിന്റെ നേതൃത്വത്തിൽ ഉന്നതവിജയികളെ അനുമോദിച്ചു. മലപ്പട്ടം പഞ്ചായത്തംഗം വി.വി. മോഹനൻ ഉദ്ഘാടനം ചെയ്തു. കെ.പി. പ്രകാശൻ അധ്യക്ഷത വഹിച്ചു. സി. പ്രജിത്ത്, എ.രത്നാകരൻ സംസാരിച്ചു.

പണവും രേഖകളും നഷ്ടപ്പെട്ടു

ചപ്പാരപ്പടവ്: പെരുമ്പടവിൽ നിന്നും ചപ്പാരപ്പടവിലേക്കുള്ള ബസ് യാത്രക്കിടെ പണവും വിലപ്പെട്ട രേഖകളും അടങ്ങിയ പേഴ്സ് നഷ്ടപ്പെട്ടു. കണ്ടുകിട്ടുന്നവർ 9526654041 നമ്പറിൽ അറിയിക്കണം.

എസ്.എസ്.എഫ് സാഹിത്യോത്സവം നാളെ

ആലക്കോട്: എസ്.എസ്.എഫ് ആലക്കോട് സെക്ടർ സാഹിത്യോത്സവം നാളെ നെടുവോട് നടക്കും.

തളിപ്പറമ്പ മോട്ടോർ ആക്സിഡണ്ട് ക്ലൈയിംസ് ട്രൈബ്യൂണൽ മുമ്പാകെ
O.P (MV) 34/2018

മുഹമ്മദ് അഷ്റഫ്. എം.പി - ഹരജിക്കാരൻ
ഹനീഫ. പി.പി, S/o. അലി, 37 വയസ്, തളിപ്പറമ്പിൽ ഞാറ്റുവയൽ എന്ന സ്ഥലത്ത് മുംതാസ് മഹലിൽ താമസം. പിൻ-670141 } 1-ാം എതിർകക്ഷി

മേൽ നമ്പ